**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5203** **14-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടയമിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന പട്ടയമിഷന്റെ ഘടന, പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കാമോ; | (എ) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തിര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR )ന്റെ നേതൃത്വത്തിൽ ജില്ലാ തല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ച തോറും ലാൻഡ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്.നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ് ) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടറാമാർക്കു ലാൻഡ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ അപ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. അർഹരായ ഭൂരഹിതരെ കണ്ടെത്തി പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താൻ നിയോജക മണ്ഡലത്തിൽ എം.എൽ.എ അദ്ധ്യക്ഷനായി ജനപ്രതിനിധികളുടെ യോഗം ചേരും. മണ്ഡലത്തിൽ പട്ടയമിഷന്റെ നോഡൽ ഓഫീസറായി തഹസിൽദാരിൽ കുറയാത്ത റവന്യൂ ഉദ്യോഗസ്ഥനെ ഇതിന്റെ ചുമതലക്കാരനായി തീരുമാനിക്കും. |
| (ബി) | 1971-ന്റ മുമ്പ് കൈവശം വച്ച് താമസിച്ചുകൊണ്ടിരിക്കുന്ന വനാതിർത്തി പ്രദേശങ്ങൾ, കുളം പുറമ്പോക്ക്, കാവ് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവിടങ്ങളിലെ അർഹരായ അപേക്ഷകർക്ക് പട്ടയമിഷൻ മുഖാന്തിരം പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മലയോര, ആദിവാസി മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് വേണ്ടി പ്രത്യേക മാർഗ്ഗരേഖകൾ പട്ടയ മിഷനിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. 1960 ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 കേരള ഭൂമി നൽകൽ (01-01-1977 ന്റ മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 2001 ലെ കേരള ഗവൺമെന്റ് ഭൂമി പട്ടിക വർഗ്ഗക്കാർക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരവും 1971 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടികവർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇത് കൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടിക വർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകുന്നുണ്ട്. മലയോര പട്ടയങ്ങൾ വിതരണ യോഗ്യമാക്കുന്നതു സംബന്ധിച്ച പ്രവർത്തനം ചുവടെ ചേർക്കുന്ന ഘട്ടങ്ങളായി തിരിച്ചു കൊണ്ടാണ് ജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.<br><br>1. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടും വിതരണം പൂർത്തിയാകാത്ത ഭൂമി വിതരണം ചെയ്യുക.<br><br>2. ജെ.വി.ആർ. കഴിഞ്ഞ ഭൂമി പരിവേഷ് പോർട്ടലിലാക്കി കേന്ദ്രത്തിന് സമർപ്പിക്കുക<br><br>3. ഇതു വരെ നൽകിയിട്ടുള്ള അപേക്ഷകളിൽ ജെ വി ആർ നടത്താനുള്ള വിവരം ശേഖരിക്കുക<br><br>4. പുതിയതായി അപേക്ഷ നൽകാൻ അവസരം വനം വകുപ്പിന്റെ അനുവാദത്തോടെ ലഭ്യമാക്കുക.<br><br>കുളം പുറമ്പോക്ക്, കാവ് പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവിടങ്ങളിലെ അർഹരായ |

| | | | |
|---|---|---|---|
| | | | അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ചും, സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹകിക്കേണ്ടവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും പട്ടയം നൽകാൻ ആവശ്യമെങ്കിൽ നിയമഭേദഗതി ഉൾപ്പെടെ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) സഹായത്തോടെ ക്രോഡീകരിച്ചുവരുന്നുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങളിൽ സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിൽ അപ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ